**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3123** **04-08-2021 - ൽ മറുപടിയ്ക്ക്**

**സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായി സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയുന്നതിന് ഗവർണർ എന്തെങ്കിലും നിർദ്ദേശങ്ങൾ രേഖാമൂലം മുഖ്യമന്ത്രിയ്ക്ക് നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട്. സ്ത്രീപക്ഷ കേരളം എന്ന ലക്ഷ്യം മുൻനിർത്തി കേരളം എടുത്ത നിലപാടുകളെയും പ്രവർത്തനങ്ങളെയും കേരള ഗവർണ്ണർ ആരിഫ് മുഹമ്മദ്ഖാൻ കത്തിലൂടെ അഭിനന്ദിച്ചിട്ടുണ്ട്. സംസ്ഥാന, ജില്ലാ തലങ്ങളിൽ സ്ത്രീധന നിരോധന ഓഫീസർമരെ നിയമിച്ചതിനും സർക്കാർ ജിവനക്കാർക്കിടയിൽ സ്ത്രീധനത്തിനെതിരെ പ്രതിജ്ഞ എടുപ്പിക്കുകയും ചെയ്യുന്ന സമ്പ്രദായം നടപ്പിലാക്കിയതിനും ഗവർണ്ണർ അഭിനന്ദനം അറിയിച്ചു. ഈ വിഷയത്തിൽ തന്റേതായ മാർഗ്ഗനിർദ്ദേശങ്ങളും ഗവർണ്ണർ അവതരിപ്പിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്കിടയിൽ സ്ത്രീധനത്തിനെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി സംസ്ഥാനത്തെ സർവ്വകലാശാലകളുടെ വൈസ് ചാൻസിലർമാരുടെ യോഗത്തിന് ചാൻസിലർ എന്ന നിലയിൽ ഗവർണ്ണർ നേതൃത്വം നൽകിയ വിവരവും അറിയിച്ചിട്ടുണ്ട്. |
| (ബി) | സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിന് നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പാക്കുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | സ്ത്രീകൾക്കെതിയുള്ള അതിക്രമങ്ങൾ കർശനമായി തടയുന്നതിനും സുരക്ഷ ഒരുക്കുന്നതിനുമായി സംസ്ഥാനത്ത് വിവിധ പദ്ധതികളും സംവിധാനങ്ങളും നിലവിലുണ്ട്. വനിതാ പോലീസ് സ്റ്റേഷൻ, വനിതാ സെൽ, വനിതാ ബറ്റാലിയൻ, പിങ്ക് പോലീസ്, നിഴൽ, വനിതാ സ്വയം പ്രതിരോധ സംഘം, വനിതാ ബീറ്റ് എന്നിവ സ്ത്രീകളുടെ സുരക്ഷ മുൻനിർത്തി പോലീസ് നടപ്പിലാക്കിവരുന്ന പദ്ധതികളാണ്. ഗാർഹിക പീഡനം, സ്ത്രീധനവുമായി ബന്ധപ്പെട്ട പരാതികൾ എന്നിവ സ്വീകരിക്കുന്നതിന് പ്രത്യേക സംവിധാനം പോലീസ് ഒരുക്കിയിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ നേരിടുന്ന ആർക്കും aparajitha.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ പരാതി നൽകാവുന്നതാണ്. കൂടാതെ 9497996992 എന്ന നമ്പരിലും പരാതികൾ |

| | | | | |
|---|---|---|---|---|
| | | | | അറിയിക്കാം. പരാതികൾ കൈകാര്യം ചെയ്യുന്നതിനുള്ള സംസ്ഥാനതല നോഡൽ ഓഫീസറായി പത്തനംതിട്ട ജില്ലാ പോലീസ് മേധാവി ശ്രീമതി. ആർ. നിശാന്തിനി ഐ.പി.എസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരാതികൾ 9497999955 എന്ന നമ്പരിൽ നേരിട്ട് നോഡൽ ഓഫീസറെ അറിയിക്കാവുന്നതാണ്. സ്ത്രീകൾക്കെതിരെയുള്ള ഉപദ്രവങ്ങൾ, സൈബർ ലോകത്തിലെ അതിക്രമങ്ങൾ,പൊതുയിടങ്ങളിലെ അവഹേളനങ്ങൾ തുടങ്ങി സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരളാ പോലീസ് രൂപം നൽകിയ "പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്റ്റ് "2021 ജൂലൈ 19ന് നിലവിൽ വന്നിട്ടുണ്ട്. വനിത-ശിശു വികസന വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു. 1) ലൈംഗികാതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകൾക്ക് സംരക്ഷണം നൽകുന്ന 'നിർഭയ' പദ്ധതി. 2) സ്ത്രീകളുടെ വിവിധ പ്രശ്നങ്ങൾ കേൾക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനും ഓൺലൈൻ കൺസൾട്ടൻസി 'കാതോർത്ത്' എന്ന സംവിധാനം. 3) ഗാർഹിക പീഡനത്തിൽനിന്ന് വനിതകളെ സംരക്ഷിക്കുന്നതിനായി തപാൽ വകുപ്പും വനിതാ ശിശു വിക സന വകുപ്പും സഹകരിച്ച് നടപ്പിലാക്കുന്ന 'രക്ഷാദൂത്' പദ്ധതി. 4) വനിതകളുമായി ബന്ധപ്പെട്ട പരാതികളിന്മേൽ പരിഹാരം കാണുന്നതിനായി വാട്ട്സാപ്പ് ഹെൽപ്പ് ലൈൻ 9400080292 പ്രവർത്തിക്കുന്നു. 5) സ്ത്രീകളുടെ പരാതികൾ കേൾക്കുന്നതിനായി '181 മിത്ര ഹെൽപ്പ് ലൈൻ' നിലവിലുണ്ട്. 6) ഗാർഹിക-ലൈംഗിക അതിക്രമത്തിന് ഇരയായ സ്ത്രീകൾക്ക് പെട്ടെന്ന് അഭയം തേടാൻ 'വൺസ്റ്റോപ്പ് സെന്ററുകൾ' പ്രവർത്തിച്ച് വരുന്നു. 7) കേരളത്തിലെ 14 ജില്ലകളിലും 'വനിതാ സംരക്ഷണ ഓഫീസറുടെ' സേവനം ലഭ്യമാണ്. ഇതിനു പുറമെ, അസമയത്ത് വഴിയിൽ ഒറ്റപ്പെട്ടുപോകുന്ന വനിതകൾക്ക് സംസ്ഥാനത്ത് എവിടെനിന്നും ഏതു സമയത്തും ബന്ധപ്പെടാവുന്ന തരത്തിൽ 112 എന്ന നമ്പരിലുള്ള സേവനം പോലീസ് ആസ്ഥാനത്ത് സജ്ജീകരിച്ചിട്ടുള്ള "കമാന്റ് സെന്ററി"ൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ